# കുടിവെള്ളം മുട്ടും മുമ്പ്



**കേരളത്തിന്റെ തൊണ്ട വരളുകയാണ്, വേനൽ മൂർച്ഛിക്കുന്നതോടെ ദാഹവും വർദ്ധിക്കുന്നു. 44 പുഴകളും അനവധി ജലാശയങ്ങളുമുള്ള കേരളത്തിനാണ് ഈ ദുർഗതി!**

**കാലവർഷവും തുലാവർഷവുമായി നമുക്ക് കിട്ടുന്ന മഴയുടെ അളവ് ശരാശരി 3000 മി.ലി. നമ്മുടെ തോടുകളിലൂടേയും നദികളിലുമായി ഒഴുകിപ്പോകുന്നത് 78,000 ദശലക്ഷം ഘനമീറ്റർ വെള്ളം. നമുക്ക് ആവശ്യമുള്ളത് 26,729 ദശലക്ഷം ഘനമീറ്റർ മാത്രം. ഇതുസംരക്ഷിച്ചു നിർത്താൻ 30 ലക്ഷത്തോളം കിണറുകൾ, തണ്ണീർത്തടങ്ങൾ, പാടങ്ങൾ, ജലാശയങ്ങൾ.....**

**എന്നിട്ടും കുടിവെള്ളം കിട്ടാക്കനിയാകുന്നു. ഏപ്രിൽ മാസമാകുമ്പോഴേക്കും പുഴകൾ വരണ്ടു തുടങ്ങുന്നു. പുഴക്കരയിലെ കിണറുകൾ പോലും വറ്റുന്നു. എങ്ങും കുടിവെള്ളത്തിനായി നെട്ടോട്ടം. കുപ്പിവെള്ള ബിസിനസ്സും കുടിവെള്ള ബിസിനസ്സും പൊടിപൊടിക്കുന്നു. ശുദ്ധജലം അളവില്ലാത്ത വിഭവമാണെന്ന് ധരിച്ചിരുന്ന നമ്മൾ അത് അപ്രാപ്യമായ വിഭവമായി മാറിക്കൊണ്ടിരിക്കുന്നത് അറിഞ്ഞു തുടങ്ങുകയാണ്**

കാട് വെട്ടിവെളുപ്പിച്ചതിന്റെ ഫലം.... വെള്ളം മണ്ണിൽ കിനിഞ്ഞിറങ്ങാതെ ഒഴുകിപ്പോകുന്നതിന്റെ ഫലം...

ഇനിയെങ്കിലും നമുക്ക് തിരിച്ചറിയാം. വെള്ളം തോന്നിയതുപോലെ ഓരോരുത്തർക്കും ഉപയോഗിക്കാനുള്ളതല്ലെന്ന്. ജലം പങ്കുവെക്കേണ്ടതാണെന്ന്; അത് പാഴാക്കുന്നത് കുറ്റകരമാണെന്ന്; ചില ജലശീലങ്ങൾ വളർത്തിയെടുക്കണമെന്ന് ; ജനന്മയിലൂടെയും കൂട്ടായ്മയിലൂടേയും ശുദ്ധജലം തിരിച്ചുകൊണ്ടുവരാനാകുമെന്ന്.

നമുക്കു ലഭിക്കുന്ന മഴവെള്ളം മണ്ണിൽ പിടിച്ചു വെയ്ക്കുക എന്നതുമാത്രമാണ് വേനലിന്റെ പിടിയിൽ നിന്നും രക്ഷനേടാനുള്ള മാർഗം. തൽസ്ഥല ജലപരിപാലനവും മഴവെള്ളക്കൊയ്ത്തും നമുക്ക് പിന്തുടരാം.

### വെള്ളം കിനിഞ്ഞിറങ്ങട്ടെ

ഭൂമിയിലെ നീളമുള്ള ചെരിവുകൾ ഖണ്ഡം ഖണ്ഡമാക്കി തിരിച്ച് നീളം കുറഞ്ഞ അനവധി ചെരുവുകളാക്കി വെള്ളമൊഴുക്കിന്റെ വേഗതകുറയ്ക്കാം. ഇതുവഴി ഭൂജലനിരപ്പ് ഉയരും.

### ചാലുകളും വരമ്പുകളും നിർമ്മിക്കാം

വെള്ളം തടഞ്ഞു നിർത്തി മണ്ണിൽ താഴാൻ ചാലുകളും വരമ്പുകളും ഫലപ്രദമാണ്. ഏകദേശം 50 സെൻറിമീറ്റർ താഴ്ചയിൽ മുകളിൽ ഒരു മീറ്റർ വീതി കിട്ടത്തക്കവിധം ചെരുവിനു കുറുകെ ചാലുണ്ടാക്കി ആ മണ്ണുകൊണ്ട് ചാലിനു താഴെ വരമ്പുപിടിപ്പിക്കണം. വരമ്പിനു മുകളിൽ ചെടികൾവെച്ചു പിടിപ്പിച്ച് ബലപ്പെടുത്താം.

ചെറിയ ചെരിവുള്ള പ്രദേശങ്ങളിൽ കോണ്ടൂർ രേഖയിൽ അടുത്തടുത്തായി എടുക്കുന്ന ചാലുകളാണ് കോണ്ടൂർ ചാലുകൾ. ഒരു മൺവെട്ടിയുടെ വരെ താഴ്ചയിൽ ഇത്തരം ചാലുകൾ നിർമ്മിക്കാം.

### പുതയിട്ട് വെള്ളം പിടിക്കാം

മണ്ണിന് പുതയിട്ടാൽ ഒഴുക്ക് തടയാം. വെള്ളം മണ്ണിൽ താഴുകയും ചെയ്യും. മണ്ണിന്റെ ഫലപുഷ്ടിയും ജലം ഉള്ളിലേക്കു വലിച്ചെടുക്കാനുള്ള ശേഷികൂട്ടാനും ഇത് സഹായിക്കും. മേൽമണ്ണ് മഴത്തുള്ളി വീഴുമ്പോഴുണ്ടാകുന്ന ആഘാതത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യും.

മുൻവിളകളുടെ അവശിഷ്ടങ്ങൾ, പുല്ല്, ഉണങ്ങിയ ഇലകൾ, പച്ചിലവളങ്ങൾ. പയർ വർഗ്ഗത്തിൽപ്പെട്ട ആവരണവിളകൾ, വൈക്കോൽ എന്നിവയെല്ലാം പുതയിടാൻ ഉപയോഗിക്കാം. പത്രക്കടലാസുപോലും ഇതിനു പറ്റും. ചപ്പുചവറുകൾ കത്തിച്ചു കളയുന്നതല്ല ബുദ്ധി, പുതയിടുന്നതാണെന്ന് മനസ്സിലാക്കുക.

മണ്ണുകൊണ്ടും പുതയിടാം. മഴതുടങ്ങി കുറേ കഴിയുമ്പോൾ പറമ്പിലേക്ക് മണ്ണ് ചെറിയ ചെറിയ കൂനകളായി കൂട്ടുകയും മഴ കഴിയുമ്പോൾ ഇത് തട്ടി നിരത്തുകയും ചെയ്യുന്നതാണ് മണ്ണ് പുത. നനവുള്ള മണ്ണിന് മുകളിൽ ഉണങ്ങിയ മണ്ണ് തട്ടിനിരത്തുമ്പോൾ അതൊരു പുതപ്പായി മാറി ബാഷ്പീകരണം കുറയ്ക്കും. ഉണങ്ങിയ ഇലകൾക്കും ചപ്പുചവറുകൾക്കും പുറമെ അഴുകി ചേരുന്ന (ബയോഡിഗ്രേഡബിൾ) പ്ലാസ്റ്റിക്കും ഇപ്പോൾ പുതയിടാൻ ഉപയോഗിക്കാറുണ്ട്.

### തൊണ്ടടുക്കി വെള്ളം സംരക്ഷിക്കാം

മഴക്കാലത്ത് തെങ്ങിൻതോപ്പുകളിലും മറ്റും പതിക്കുന്ന അധികജലം നഷ്ടപ്പെട്ടുപോകാതിരിക്കാൻ തൊണ്ടടുക്കൽ സഹായിക്കും. നാളികേരത്തൊണ്ടുകൾക്ക് സ്വന്തം തൂക്കത്തിന്റെ നാലഞ്ചിരട്ടിവരെ വെള്ളം വലിച്ചെടുത്ത് സൂക്ഷിക്കാൻ കഴിയും. വേനലിൽ പോലും മണ്ണിൽ ഈർപ്പം നിലനിർത്താൻ ഇതു സഹായിക്കും. മഴവെള്ളം സംരക്ഷിക്കാൻ ഉത്തമമായ മാർഗ്ഗമിതാണ്.

അവലംബം: മാതൃഭൂമി